
# മുകുരം




# St.Mary's Girls HS Athirampuzha

Kerala Infrastructure and Technology for Education
Presents



# ആമുഖം

ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ കണ്ണഞ്ജിപ്പിക്കുന്ന വേഗ തയിലുള്ള മുന്നേറ്റം മനുഷ്യന്റെ  സഹജമായ അന്വേഷണത്വരയുടെ പ്രതിഫലനമാണ്. പ്രകൃതിയിൽ കാണുന്ന ഓരോന്നും നിരന്തരം മാറികൊണ്ടിരിക്കുന്നു.പുസ്തകവും,ബുക്കും,ബ്ലാക്ക്ബോർഡും മാത്രമുണ്ടായിരുന്ന ക്ലാസ്സ്മുറികളിൽ ഇന്ന് ലാപടോപ്പും,പ്രൊജക്ടറും പ്രധാനസ്ഥാനം കയ്യടക്കിയിരുന്നു.സാങ്കേതിക പരിജ്ഞാനമില്ലാത്തവരെ നിരക്ഷരരെ എന്നപ്പോലെ കാണുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ ആദ്യമായി ഒരു ഡിജിറ്റൽ മാഗസ്സിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷമുണ്ട്.നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു.നിങ്ങളുടെ രചനകൾ സാങ്കേതിക വിദ്യയുടെ ചിറകിലേറി പറന്നുയരട്ടെ.മാഗസ്സിന് ആശംസകൾ നേർന്നുകൊള്ളുന്നു.

Ranimol Thomas
Headmistress

താളുകളിലൂടെ

മഴ[കവിത]

പെയ്തൊഴിഞ്ഞപ്പോൾ[കഥ]

ക്രോധം,വിനാശകാരണം[ഉപന്യാസം]

സൗഹൃദം[കവിത]

കാത്തിരിപ്പിനു ശേഷം[കഥ]

വിദ്യാലയം[കവിത]

ചിത്രരചന

Photo Gallery



# മഴ

പൂമരശാഖയിൽ  തൊട്ടാരുമിയൊരു
മാരുതൻ  തന്റെ വരമീമഴ...
ഒരു കൊച്ചു കാറ്റുതൻ മുത്തവും
മാനത്തെ  മാരിവില്ലുമെന്നും  കൂട്ടായെത്തി...

മാനത്തെ കാർമുകിൽ  തേരിന്റെയോ-
ളങ്ങൾ  കിന്നാരം  ചൊല്ലുവാൻ  കൂട്ടുവന്നു...
മഴയെന്നു  കേൾക്കുമ്പോൾ  തുള്ളി-
ക്കളിച്ചു ഞാൻ  മുറ്റത്തെ  മാവുതൻ
ചാരെയെത്തും

മഴയെന്നാലെന്തെന്നു പിന്നെയെ
പ്പോഴോ ഞാനമ്മതൻ ചാരെനിന്നോതുംനേരം
ആകാശമുത്തശി  തന്നശ്രുമഴയെ-
ന്നെന്റെയമ്മയും ചൊല്ലിത്തന്നു....



പിന്നെ മഴവരും നേരമൊക്കെയെൻ
ഉള്ളത്തിനൊരു തേങ്ങലായിരുന്നു
മാനത്തിൻ കണ്ണുനീരീമഴ പിന്നെ-
യെന്നുള്ളത്തിലായിരം ചോദ്യമായി....

കുത്തുന്ന സൂചിപോലായിരം
നൊമ്പരം ഞാനെന്നും മഴയോടു
ചൊല്ലിനിൽക്കും ആയിരമായിരം
മുത്തരമായെൻ നെഞ്ചിനകത്തൊരു തേങ്ങലായി.......

# പെയ്തൊഴിഞ്ഞപ്പോൾ

അമ്മയുടെ ചിതയിൽ നിന്നും പുക ഉയരുന്നുണ്ടായിരുന്നു.മകനുടെ മനസ്സിൽ ഇനിയും കനലുകൾ ബാക്കിയായിരുന്നു.വെറുതെ ഇങ്ങനെയിരിക്കുമ്പോൾ മനസ്സിൽ,വേദനയുടെ ആഴമറിയാൻ സാധിക്കുന്നു എന്ന് മനസ്സിലാക്കിയ ഉടനെ വെറുതെ പുറത്തേക്ക് ഒന്നിറാങ്ങാമെന്നു കരുതി.നിശ്ശബ്ദയാൽ നിറഞ്ഞ ഈ വീട്ടിൽ എവിടെയൊക്കെയോ അമ്മയുടെ സാന്നിധ്യം.... കാറുമെടുത്തിറങ്ങിയപ്പോൾ ഒരു സ്വൽപ്പം ശമനം തോന്നി.

താൻ പഠിച്ച സ്കൂൾ കഴിഞ്ഞുപോയി.സ്കൂളിലെ പടികൾ അമ്മയുടെ ഓർമ്മകളിലേയക്ക് ഒരു മിന്നൽ വെളിച്ചം പോലെ മകനു അനുഭവപ്പെട്ടു.



അമ്മയുമായി കയ്യിൽപ്പിടിച്ച് കയറിയ പടികൾ,അമ്മ തന്നെ എകനാക്കിയെകിലും അമ്മയുടെ ഓർമ്മകൾ എന്നും തൻെറ ഒപ്പമുണ്ട് .സർക്കാർ ആശുപത്രയായി വീണ്ടും ഓർമ്മതൻ മിന്നൽ വീശീ പനിപ്പിടിച്ച തന്നെ കോരിയെടുത്ത് പടികൾ കയറുന്ന അമ്മ. ഇതുവരെയുള്ള ജീവിതത്തിൽ നിറസാന്നിധ്യമായിരുന്നു അമ്മ. അമ്മയുടെ ഓർമ്മകൾ ജീവിതത്തിലുടനീളം ഒരു നിഴൽ പോലെ ഒപ്പമുണ്ടാവും എന്നിപ്പോൾ മനസ്സിലാകുന്നു. അമ്മയുമായി കുളിച്ച് ഒരുങ്ങി തൊഴുത ശ്രീ കോവിൽ, അങ്ങനെ എത്രയോ സഥ ലങ്ങൾ ഓർമ്മകളിലേക്ക് വെളിച്ചം വീശീ.

കാർ നിർത്തി,അമ്മയുമായി അവധിദിവസങ്ങളിൽ എത്തിയിരുന്ന കടൽത്തീരം.കടൽക്കാറ്റും,ഓരോതിരയും,അവിടെ എത്താനുള്ള ഓരോ നിമിഷം അമ്മയെ ഓർമ്മിപ്പിച്ചുകൊണ്ടു മണൽത്തിട്ടയിൽ ഇരുന്നു അമ്മയുടെ ഓർമ്മകൾ ഈ തിരമാലകൾപ്പോലെയാണ്.ഓരോന്നും ശക്തിയോടെ എന്നിലേക്ക് എത്തുകയും മടിയോടെ പിൻവാങ്ങുകയും ച്ചെയ്യുന്നു.തിരമാലകളിൽ കളിക്കുന്ന ഒരു അമ്മയെയും കുട്ടിയെയും അപ്പോഴാണ് ശ്രദ്ധിച്ചത് അപ്പോൾ മകന് തന്നെയാണ് ആ കുട്ടിയിൽ കാണുന്നത് പോലെ തോന്നി.....

# ക്രോധം, വിനാശകാരണം

ഒരു വ്യക്തിയുടെ ജീവിതത്തിലെ അവനുടെ തന്നെ വില്ലനാണ് ക്രോധം.തിൻമയല്ലാതെ,നൻമഉള്ളവാക്കുന്നവൻക്രോധം സഹിക്കുന്നില്ല.നാം തന്നെ നമ്മുടെ വില്ലനായി മാറുന്നു എന്നുള്ളതാണ് ഏറ്റവും വലിയ സവിശേഷത .മാത്രമല്ല,അയാളോട് ഇടപെഴകുന്നവർക്കും ചുറ്റുമുള്ളവർക്കും കൂടെ കോപം,ക്രോധം മുതലായവ വിപത്തുകളുണ്ടാകുവാൻ കാരണമാകുന്നു.ഇന്ന് ഈ ലോകത്തിൽ പലവിധത്തിലുള്ള അധർമങ്ങളും ക്രൂരതകളും വർധിച്ച പെരുകുകയാണ്.നാം വ്യക്തമായി നോക്കുകയാണേൽ ഇവയുടെ എല്ലാം പിന്നിലുള്ള കാരണം കോപമാണ്.ദേഷ്യം മൂലം മനുഷ്യൻ ചെയ്യുന്ന ക്രൂരതകൾക്കും തെറ്റുകുറ്റങ്ങളും ഇല്ലാത്തൊരു കടിഞ്ഞാണില്ലാതെ അഴിഞ്ഞാടുകയാണ്.കോപത്തിൻെറ മുമ്പിൽ ഇന്ന് ബന്ധങ്ങൾക്ക് പോലും യാതൊരു വിധത്തിലുള്ള വിലയുമില്ലാതായിരിക്കുകയാണ.അച്ചൻ ,അമ്മ,കൂട്ടുകാരൻ,സഹോദരൻ,ഭാര്യ എന്നിവരെയെല്ലാം വധിക്കുന്നത് കോപിഷ്ഠനായ ഒരു മനുഷ്യന് വളരെയധികം നിസ്സാരമായി വന്നിരിക്കുകയാണ്.ഏതൊരു ചെറിയ കാര്യത്തിൻെറ പേരിലും എല്ലായിടത്തും കൂട്ടക്കൊലകൾ.ക്രോധം എന്നത് ദുഃഖം മാത്രമാണ് മനുഷ്യന് പ്രധാനം ചെയ്യുന്നത്.അറിവുള്ളവർ അതുകൊണ്ട് ക്രോധം ഉപേക്ഷിക്കുക തന്നെ ചെയ്യണം.വിവേകമില്ലാത്തവൻെറ ആയുധമാണ് ക്രോധം.ആശയംകൊണ്ട് സാധിക്കപ്പെടാത്തത് ക്രോധംകൊണ്ട് സാധിപ്പിക്കുവാൻ ശ്രമിക്കുമ്പോഴാണ് പ്രശ്നം സൃഷ്ടിക്കപ്പെടുന്നതും പിന്നീട് അത് രൂക്ഷമാകുന്നതും.അതിനാൽ, നാം നമ്മുടെ ജീവിതത്തിൽ നിന്ന് ക്രോധം പരമാവധി പരിത്യജിക്കുവാൻ പ്രയന്നക്കണം.

# സൗഹൃദം

അടിപിടി കൂടിയ വരാന്തകൾ
ബെഞ്ചിൽ വരഞ്ഞ ചിത്രങ്ങൾ
നെഞ്ചിൽ മുറിഞ്ഞ നോട്ടങ്ങൾ
ഇനിയെന്തോ പറയുന്നു.....

ഈ അത്തിമരത്തിൻ
ചെറുതണലും
അതിരുകൾ ഇല്ല സൗഹൃദവും
കഥ പറയുന്നൊരു കൽതൂണും
ഇനി കഥയായി മാറുന്നു



സൗഹൃദം................സൗഹൃദം
പല ഹൃദയം ചേരും സത്വം
അതി മധുരം ളുകം വാക്വം
നാമൊന്നായി ചേരും നാളും
അതി മധുരം ളുകം നിമിഷം
ഇനിയെന്തോ പറയുന്നു......

നാം വിടപറയുന്നൊരു നിമിഷം
പല ഹൃദയം തകരും നിമിഷം
അതി ദുഖം ഉകം നിമിഷം
ഇനിയെന്തോ പറയുന്നു.......

# കാത്തിരുപ്പിന് ശേഷം

പുറത്ത് മഴ ആർത്തുലച് പെയ്യുകയാണ് . അവളുടെ ഉള്ളിൽ

ജലിച്ച് നിന്നിരുന്ന തീയെ അണയ് ക്കാൻ ആ മഴയ് ക്ക് സാധിച്ചില്ല.ഇരുട്ടിൻെറ മറവിൽ ഒളിഞ്ഞിരുന്ന നിലാവെളിച്ചത്തെ കൂട്ടുപിടിച്ച് അവൾ ചിന്തിക്കുകയാണ്. അതെ,അന്നാ മഴയത്താണ് ഞാൻ അവനെ കണ്ടുമുട്ടിയത് .



ആർത്തുലച്ച് പെയ്യുന്നമഴയത്ത് അലക് സാൻണ്ടർ തൻെറ കൈയിൽ കുട ഇല്ലാതിരുനാലും സേറ അലക് സാൻണ്ടറിൻെറ ക്ഷണം സ്വീകരിച്ചു.ഒട്ടും വൈകാതെ തന്നെ അവർ സുഹ്രത്തുക്കളായി.ഒരു ദുർബലനിമിഷത്തിൽ തൻെറ സുഹ്രത്ത് ബന്ധം സ്നേഹത്തിലേ്ക്ക് വഴിതെളിച്ചു എന്ന് അലക്സ് മനസ്സിലാക്കി.എന്നാലും തൻെറ സ്നേഹം അലക് സണ്ടർ സേറയോട് പറഞ്ഞില്ല.ഒരുപക്ഷെ, തൻെറ സ്നേഹം താൻ സേറയോട് പറയുകയാണെങ്കിൽ ഒരു സുഹ്യത്ത് ബന്ധത്തിൽ കവിഞ്ഞ് നിനക്ക് എൻെറ മനസ്സിൽ സഥാനമില്ല എന്നവൾ പറയുകയാണെങ്കിൽ...എങ്കിൽ തൻെറ ജീവിതത്തിൽ വച്ച്ഏറ്റവും വലിയ നഷ്ട് മാണെന്ന് അവൻ മനസ്സിലാക്കി.

പക്ഷേ , സേറയുടെ മനസ്സിൽ അല് കസാണ്ടറോടുള്ള സ് നേഹം വളർന്നുകൊണ്ടിരിക്കുന്നത് അവൾ പോലും അറിഞ്ഞില്ല . ഒട്ടും വൈകാതെ തന്നെ അലക് സാണ്ടർ തൻെറ സ്നേഹം സേറയോട് പറഞ്ഞു.സേറയെ അലക് സാണ്ടിൻെറ വീട്ടിൽ എല്ലാവർക്കും വലിയ കാര്യമായിരുന്നു.അതിനാൽ തന്നെ ഒരു വിവാഹകാര്യം തീരുമാനിക്കുകയാണെങ്കിൽ പോലും അലക് സാണ്ടറിൻെറ

വീട്ടിൽ വലിയ സന്തോഷമായിരുന്നു.

എന്നാൽ വളരെ പേടിയോടെ തൻെറ വിവാഹകാര്യം സേറ

വീട്ടിൽ അവതരിപ്പിച്ചു. ആദ്യം പൊട്ടിതെറിയുണ്ടായെങ്കിലും പിന്നെ സമ്മതിച്ചു.അങ്ങനെ വിവാഹത്തിന് അവർ മനസ്സുക്കൊണ്ട് തയാറായി.വളരെ സന്തോഷത്തോടെ സേറ നാളത്തെ പ്രഭാതത്തെ വരവേൽക്കാനായി സ്വപ്നങ്ങളുടെ ലോകത്തേക്ക് വഴുതിവീണു.

പിറ്റേദിവസം,സേറ തൻെറ മാതാപിതാക്കളുടെ മുഖം കണ്ണീരിൽ നിറഞ്ഞിരിക്കുന്നത് കണ്ടു.അങ്ങനെ അവൾ ആ നഗ്നസത്യം തിരിച്ചറിഞ്ഞു.ഒരു കാറപകടത്തിൽപെട്ട് അലക് സാണ്ടർ എന്നേക്കുമായി ദൂരത്തേയ്ക്ക് മാഞ്ഞുകഴിഞ്ഞിരിക്കുന്നു.ഇത് കേട്ട് നിൽക്കാനുള്ള ശക്തി അവൾക്ക് ഉണ്ടായിരുന്നില്ല.അവൾ മാനസികവും ശാരീരികവുമായി തളർന്നു.

ഇന്നും അലക് സാണ്ടർ മരിച്ചുവെന്ന് എല്ലാവരും വിശ്വസിക്കുമ്പോൾ അവൾ വിചാരിക്കുകയാണ്

അവൻ മരിച്ചിട്ടില്ല.ഇന്നും എൻെറ ഹൃദയത്തിൽ അവൻ ജീവിക്കുന്നു.കാറ്റായ്,മഴയായ്, തണലായ്, പുഴയായ്..................





# വിദ്യാലയം

എന്നുമെന്നും അഴകാർന്ന്  വിരിയുന്ന വർണ്ണ വിദ്യാലയം
നിറയുമീഭുവിൽ ആദ്യമുണരുന്ന സ്വപ്ന്
വിദ്യാലയം
അഴകവിൻ വർണ്ണമായി വിരിയും നന്മകൾ
അറവിൻ ഹൃദയമാം വിദ്യാലയം...
ആആആ....................
ഇതളായി വിരിയും നിറമായി വാനിൽ
ഉയരും...
ഇതളിതളായി വിരിയും നിറമായി
വാനിൽ ഉയരും
ആർദ്രമാം സേനഹമെ സൗഹൃദം നീ തരു
പുണ്യമാം സേനഹമെ സൗഹൃദം നീ തരു
ആആആ..................................


# Photo Gallery









Ameena



Fathima

# Photo Gallery





# Photo Gallery









# Christmas Celebration









മുകുരം

# കടപ്പാട്

ഡിജിറ്റൽ മാഗസ്സിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ജെസ്സമ്മ ടീച്ചറിനും ജോഷി സാറിനും നന്ദി................